# വ്യാവസായിക പരിശീലന വകുപ്പ്

## ഇന്റർ ഐ .റ്റി. ഐ കലോത്സവം

## പൊതു നിബന്ധനകൾ

1. മത്സരങ്ങൾക്കുള്ള എൻട്രിഫോമിൽ ട്രെയിനികളുടെ പൂർണ്ണമായ പേരും ട്രേഡും ഉണ്ടായിരിക്കേണ്ടതാണ്
2. മത്സരങ്ങളിൽ പങ്കെടുക്കുന്ന ട്രെയിനികളുടെ കൈവശം ഫോട്ടോ പതിച്ച, പ്രിൻസിപ്പാൾ ഒപ്പിട്ട സീൽ ചെയ്ത ഐഡന്റിറ്റി കാർഡുകൾ കർശനമായും ഉണ്ടായിരിക്കേണ്ടതാണ്. ഐഡന്റിറ്റി കാർഡുകൾ കൈവശം ഇല്ലാത്ത ട്രെയിനികളെ യാതൊരു കാരണവശാലും മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതല്ല
3. രജിസ്ട്രേഷൻ ഫോമിനോടൊപ്പം ഐഡന്റിറ്റി കാർഡിന്റെ പകർപ്പ് ടീം മാനേജർമാർ സാക്ഷ്യപ്പെടുത്തി രജിസ്ട്രേഷൻ കൗണ്ടറിൽ നൽകേണ്ടതും മത്സരസ്ഥലത്ത് ഐഡന്റിറ്റി കാർഡുകൾ ആവശ്യമെങ്കിൽ ഹാജരാക്കേണ്ടതുമാണ്.
4. മത്സരങ്ങളിൽ പങ്കെടുക്കുന്ന ടീമുകൾ പരിപൂർണ്ണ അച്ചടക്കം പാലിക്കേണ്ടതും സംഘാടക സമിതിയുടെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.
5. താമസ സൗകര്യം ആവശ്യമുള്ള ഐ റ്റി ഐ കളിലെ ടീം മാനേജർമാർ കർശനമായും രാത്രി 9 മണിക്ക് മുമ്പായി അനുവദിക്കപ്പെട്ട താമസസ്ഥലത്ത് ടീം അംഗങ്ങളോടൊപ്പം പ്രവേശിക്കേണ്ടതും അവരോടൊപ്പം ഉണ്ടാകേണ്ടതുമാണ്.

## നിബന്ധനകൾ

1. സംഘനൃത്തം ഇനങ്ങൾക്ക് പിന്നണിയിൽ റിക്കോർഡ് ചെയ്ത സിഡി മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. പാട്ടുകൾക്കു ചേർന്ന വിധത്തിലുള്ള വാദ്യോപകരണങ്ങൾ മാത്രമേ ഉപയോഗിക്കാവൂ.
2. രചനാമത്സരങ്ങൾക്ക് ആവശ്യമായ പേപ്പർ മാത്രമേ സംഘാടകർ നൽകുകയുള്ളൂ. മത്സരത്തിന്റെ പ്രമേയം വിധികർത്താക്കൾ നിശ്ചയിക്കുന്നതാണ്.
3. പ്രസംഗമത്സരം – പ്രസംഗമത്സരത്തിനുള്ള വിഷയം മത്സരം തുടങ്ങുന്നതിന് 5 മിനിറ്റ് മുമ്പു മാത്രമേ വിധികർത്താക്കൾ നൽകുകയുള്ളൂ.
4. തിരുവാതിരകളി-തിരുവാതിരക്കളിക്ക് പിൻപാട്ടിന് കുട്ടികളായിരിക്കണം. (2 പേർ) ലളിതമായ കേരളീയ വേഷമായിരിക്കണം. കലാരൂപത്തിന്റെ തനിമ നിലനിർത്തണം. കുട്ടികൾ തന്നെ പാടിക്കളിക്കണം. നിലവിളക്കും നിറപറയും ഉണ്ടായിരിക്കണം. അമിതമായ ചമയങ്ങൾ ഒഴിവാക്കേണ്ടതാണ്.
5. മൈം –.അംഗവിക്ഷേപങ്ങളിലൂടെയും ചലനങ്ങളിലുടെയും സംഭാഷണം കൂടാതെ ദൃശ്യ ങ്ങളും ഭാവങ്ങളും കോർത്തിണക്കി ഒരു പ്രമേയത്തെ പൂർണ്ണമായ അർത്ഥത്തിൽ അവതരിപ്പിക്കുന്നതായിരിക്കണം മൈം.
6. സംഘഗാനം : പങ്കെടുക്കുന്നവരുടെ എണ്ണം 7. പിന്നണി പാടില്ല.
7. പദ്യംചൊല്ലൽ വൃത്തനിബന്ധമായിരിക്കണം. കവിയെയും കവിതയെയും പരിചയപ്പെടുത്താവുന്നതാണ്.
8. മോണോ ആക്ട് ആക്ഷേപകരമായ പരാമർശങ്ങൾ ഒഴിവാക്കേണ്ടതാണ്
9. ഉപന്യാസ രചന വിഷയം തത്സമയം വിധികർത്താക്കൾ നൽകുന്നതാണ്.

10. ശാസ്ത്രീയസംഗീതം-ശാസ്ത്രീയ സംഗീത മത്സരങ്ങൾക്ക് ശ്രുതി ഉപയോഗിക്കാവുന്നതാണ്. മത്സരാർത്ഥിക്ക് ഇഷ്ടമുള്ള രാഗം ആലപിക്കാവുന്നതാണ്.
11. ലളിതഗാനം ലളിതഗാനം ഭാവപ്രധാനമായിരിക്കണം. വരികളുടെ അർത്ഥത്തിനനുസരിച്ച് സംഗീതം നൽകിയതായിരിക്കണം. ലളിതഗാനത്തിൽ അമിതമായി ക്ലാസിക്കൽ സംഗീതം കലർത്താൻ പാടുള്ളതല്ല.
12. നാടൻ പാട്ട് - പാട്ടിന്റെ പാരമ്പര്യം സ്റ്റേജിൽ പറയണം . വാമൊഴിയായി കിട്ടിയ പാട്ടുകൾ മാത്രമേ ഉപയോഗിക്കാവൂ. ( അനുഷ്ഠാനപ്പാട്ടുകൾ, ഉത്സവ പ്പാട്ടുകൾ, കൃഷിപ്പാട്ടുകൾ, കളിപ്പാട്ടുകൾ) . പ്രാദേശികമായ തനതു വാദ്യോപകരണങ്ങൾ കുട്ടികൾ തന്നെ ഉപയോഗിക്കണം. പിന്നണി പാടില്ല. വേഷ സംവിധാനങ്ങൾ മൂല്യനിർണ്ണയത്തിന് പരിഗണിക്കുന്നതല്ല.
13. നാടോടി നൃത്തം - നാടൻ നൃത്തത്തിന് അനുയോജ്യമായ രൂപവും , വേഷവിധാനവുമായിരിക്കണം. പാട്ട്, ആട്ടം, വേഷം, ചുവട്, ഇവയിൽ നാടോടിത്തനിമ പ്രകടമായിരിക്കണം.
14. ഒപ്പന – പക്കമേളമോ പിന്നണിയോ പാടില്ല. 7 പേർ കളിക്കണം. 3 പേർ പാടണം കളിക്കാർ ഏറ്റു പാടണം സാഹിത്യ ശുദ്ധിയുള്ള പാട്ട് ആയിരിക്കണം. താളത്തിനൊത്ത കയ്യടി മുഖ്യം. നൃത്തമല്ലാത്ത രൂപത്തിൽ ചാഞ്ഞും ചെരിഞ്ഞുമുള്ള കൈയടിയും ചുറ്റിക്കളിയുമാകാം. മണവാട്ടി നിർബ്ബന്ധം.
15. കോൽക്കളി - ഇമ്പമാർന്ന പുരാതന മാപ്പിളപ്പാട്ടുകളുടെ ഈണത്തിനൊപ്പിച്ച് മെയ് വഴക്കത്തോടെ ചുവടൊപ്പിച്ച് ചാഞ്ഞും ചെരിഞ്ഞും മറിഞ്ഞും കൃത്യമായ വായ്ത്താരിയും കോലടിയും താളവും പിടിച്ച് പങ്കെടുക്കുന്നവർ തന്നെ പാടണം.
16. *ഒരു മത്സരാർത്ഥി പരമാവധി 3 ഇനങ്ങളിൽ മാത്രമേ മത്സരിക്കാൻ പാടുള്ളു.*
17. മത്സരങ്ങൾ എല്ലാം ഗ്രീൻ പ്രോട്ടോകോളും, കോവിഡ് പ്രോട്ടോകോളും പാലിച്ചു കൊണ്ടുള്ളതായിരിക്കണം
18. മത്സരത്തിൽ 60 ശതമാനത്തിൽ താഴെ മാർക്ക് ലഭിച്ചിരിക്കുന്ന ഇനങ്ങളെ ഗ്രേഡ് ചെയ്യുന്നതല്ല.

| ഗ്രേഡ് | മാർക്ക് ശതമാനം | ലഭിക്കുന്ന പോയിന്റ് |
|---|---|---|
| എ | 80% മോ അതിലധികമോ | 5 |
| ബി | 70% മുതൽ 79 % വരെ | 3 |
| സി | 60% മുതൽ 69% വരെ | 1 |

**അപ്പീൽ** : മത്സര ഫലം പ്രഖ്യാപിച്ച് ഒരു മണിക്കൂറിനകം 2500 രൂപ ഫീസ് സഹിതം നിർദ്ദിഷ്ട ഫോമിൽ പരാതി തയ്യാറാക്കി അപ്പീൽ കമ്മിറ്റിക്ക് നൽകാവുന്നതാണ്. ലഭിയ്ക്കുന്ന പരാതികളുടെ ഉള്ളടക്കം പരിശോധിച്ച് നടപടിയെടുക്കാനും, തീർപ്പ് കൽപ്പിക്കാനും അപ്പീൽ കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കും. ഇക്കാര്യത്തിൽ അപ്പീൽ കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും. അപ്പീൽ അനുകൂലമായാൽ ഫീസ് മുഴുവനും തിരികെ നൽകുന്നതാണ്. അല്ലാത്ത പക്ഷം ഈ തുക ഫെസ്റ്റിവൽ ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതാണ്.

മത്സരങ്ങൾ താഴെ കൊടുത്തിരിക്കുന്നതുപോലെ 5 വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്നു.

## കലോത്സവ ഇനങ്ങൾ

### വിഭാഗം –1

| നമ്പർ | ഇനം | സമയം | പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1. | ലളിതഗാനം (ആൺ) | 5 മിനിറ്റ് | എ ഗ്രേഡോടെ ഓരോ ഐ റ്റി ഐ ൽ നിന്നും ഒന്നാം സ്ഥാനം നേടിയ **ഒരാൾ** |
| 2. | ലളിതഗാനം (പെൺ) | 5 മിനിറ്റ് | |
| 3. | പദ്യം ചൊല്ലൽ (ആൺ) | 5 മിനിറ്റ് | |
| 4. | പദ്യം ചൊല്ലൽ (പെൺ) | 5 മിനിറ്റ് | |
| 5. | മാപ്പിളപ്പാട്ട് (ആൺ) | 5 മിനിറ്റ് | |
| 6. | മാപ്പിളപ്പാട്ട് (പെൺ) | 5 മിനിറ്റ് | |
| 7 | ശാസ്ത്രീയ സംഗീതം (ആൺ) | 10 മിനിറ്റ് | |
| 8. | ശാസ്ത്രീയ സംഗീതം (പെൺ) | 10 മിനിറ്റ് | |
| 9. | മോണോ ആക്റ്റ് (ആൺ) | 5 മിനിറ്റ് | |
| 10. | മോണോ ആക്റ്റ് (പെൺ) | 5 മിനിറ്റ് | |
| 11. | മിമിക്രി (പൊതു) | 5 മിനിറ്റ് | |
| 12. | പ്രസംഗം (മലയാളം) (പൊതു) | 5 മിനിറ്റ് | |
| 13. | പ്രസംഗം (ഇംഗ്ലീഷ്) (പൊതു) | 5 മിനിറ്റ് | |
| 14. | ഫാൻസിഡ്രസ് (പൊതു) | 3 മിനിറ്റ് | |
| 15. | കഥാപ്രസംഗം (പൊതു) (1+4 പിന്നണി ) | 15 മിനിറ്റ് | |

## കലോത്സവ ഇനങ്ങൾ

### വിഭാഗം –2

| നമ്പർ | ഇനം | സമയം | പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1. | നാടോടിനൃത്തം (പൊതു) | 5 മിനിറ്റ് | എ ഗ്രേഡോടെ ഓരോ ഐ റ്റി ഐ ൽ നിന്നും ഒന്നാം സ്ഥാനം നേടിയ ഒരാൾ |
| 2. | കുച്ചിപ്പുടി (ആൺ) | 10 മിനിറ്റ് | |
| 3. | കുച്ചിപ്പുടി (പെൺ) | 10 മിനിറ്റ് | |
| 4. | ഭരതനാട്യം (ആൺ) | 10 മിനിറ്റ് | |
| 5. | ഭരതനാട്യം (പെൺ) | 10 മിനിറ്റ് | |

## കലോത്സവ ഇനങ്ങൾ

### വിഭാഗം –3

| നമ്പർ | ഇനം | സമയം | പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1. | ഗ്രൂപ്പ് ഡാൻസ് – 7 അംഗങ്ങൾ (പെൺ) | 10 മിനിറ്റ് | എ ഗ്രേഡോടെ ഓരോ ഐ റ്റി ഐ ൽ നിന്നും ഒന്നാം സ്ഥാനം നേടിയ ഒരു ടീം |
| 2. | തിരുവാതിര – 8+2 അംഗങ്ങൾ (പെൺ) | 10 മിനിറ്റ് | |
| 3. | ഒപ്പന – 10 അംഗങ്ങൾ (പെൺ) | 10 മിനിറ്റ് | |
| 4. | വട്ടപ്പാട്ട് – 10 അംഗങ്ങൾ (ആൺ) | 10 മിനിറ്റ് | |
| 5. | കോൽക്കളി – 12 അംഗങ്ങൾ (ആൺ) | 10 മിനിറ്റ് | |
| 6. | മൈം 10 അംഗങ്ങൾ | 5 മിനിറ്റ് | |

## കലോത്സവ ഇനങ്ങൾ

### വിഭാഗം – 4

| നമ്പർ | ഇനം | സമയം | പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1. | നാടൻ പാട്ട് – 7 അംഗങ്ങൾ (പൊതു) | 10 മിനിറ്റ് | എ ഗ്രേഡോടെ ഓരോ ഐ റ്റി ഐ ൽ നിന്നും ഒന്നാം സ്ഥാനം നേടിയ ഒരു ടീം |
| 2. | വഞ്ചിപ്പാട്ട് – 10 അംഗങ്ങൾ (പൊതു) | 10 മിനിറ്റ് | |
| 3. | സംഘഗാനം – 7 അംഗങ്ങൾ (പൊതു) | 10 മിനിറ്റ് | |

## കലോത്സവ ഇനങ്ങൾ

### വിഭാഗം – 5

| നമ്പർ | ഇനം | സമയം | പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1. | ഉപന്യാസ രചന (മലയാളം) | 2 മണിക്കൂർ | എ ഗ്രേഡോടെ ഓരോ ഐ റ്റി ഐ ൽ നിന്നും ഒന്നാം സ്ഥാനം നേടിയ ഒരാൾ |
| 2. | ചെറുകഥാ രചന (മലയാളം) | 2 മണിക്കൂർ | |
| 3. | കവിതാ രചന (മലയാളം) | 2 മണിക്കൂർ | |
| 4. | ചിത്രരചന (ജലച്ചായം) | 2 മണിക്കൂർ | |
| 5. | പെൻസിൽ ഡ്രോയിംഗ് | 2 മണിക്കൂർ | |
| 6. | കാർട്ടൂൺ | 2 മണിക്കൂർ | |
| 7. | ക്വിസ്സ് മത്സരം ( 2 പേർ) | | എ ഗ്രേഡോടെ ഓരോ ഐ റ്റി ഐ ൽ നിന്നും ഒന്നാം സ്ഥാനം നേടിയ ഒരു ടീം |